**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: **1958** — 25.03.2013 - ൽ മറുപടിയ്ക്ക്

# പോലീസ് നടപടിയെ തുടർന്നുള്ള മരണങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എളമരം കരീം<br>ഡോ. കെ.ടി. ജലീൽ<br>ശ്രീ. എ. പ്രദീപ്കുമാർ<br>ശ്രീ. പുരുഷൻ കടലുണ്ടി | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) കോഴിക്കോട് ജില്ലയിൽ കഴിഞ്ഞ 3 ആഴ്ചകൾക്കിടയിൽ പോലീസ് നടപടിയെ തുടർന്ന് സനൽരാജ്, ജയാനന്ദൻ, മഹേഷ്, രാജേഷ് എന്നീ നാലുപേർ വ്യത്യസ്ത സാഹചര്യങ്ങളിൽ മരണപ്പെടാനിടയായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) കോഴിക്കോട് ജില്ലയിൽ രണ്ട് 50 പൈസ നാണയങ്ങൾ ഒട്ടിച്ച് 5 രൂപക്ക് പകരം നൽകിയ സംഭവത്തെക്കുറിച്ച് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ നിയമാനുസരണം വിളിപ്പിച്ച് ബന്ധുവിനോടൊപ്പം വിട്ടയച്ച ജയാനന്ദൻ എന്നയാൾ പിന്നീട് ആത്മഹത്യ ചെയ്ത സംഭവവും മഹേഷ്, രാജേഷ് എന്നിവർ വാഹന പരിശോധന നടത്തുന്നതിനിടെ തങ്ങളുടെ വാഹനം പരിശോധിച്ചേക്കാമെന്ന സംശയത്താൽ രക്ഷപ്പെടാൻ ശ്രമിച്ചതിൽ വച്ച് എങ്ങനെയോ K.S.R.T.C. ബസ്സിനടിയിൽപ്പെട്ട് മരിക്കാനിടയായതും, മനോജ് എന്നയാളിന്റെ കൊലക്കേസുമായി ബന്ധപ്പെട്ട് ക്രൈം ബ്രാഞ്ച് വിഭാഗം നിയമാനുസരണം വിളിച്ച് ചോദ്യം ചെയ്ത് വിട്ടയച്ച സനൽരാജ് എന്നയാൾ റെയിൽവേ ട്രാക്കിൽ മരണപ്പെട്ടു കിടന്നതുമായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | സംഭവങ്ങളെ തുടർന്ന്, ജനങ്ങൾക്കിടയിൽ പോലീസിനെക്കുറിച്ച് വ്യാപകമായ പരാതിയുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇക്കാര്യങ്ങളിൽ തെറ്റായ വാർത്തകൾ ജനങ്ങൾക്കിടയിൽ പ്രചരിക്കുകയോ, പ്രചരിപ്പിക്കുകയോ ചെയ്തതിന്റെ അടിസ്ഥാനത്തിൽ പോലീസിനെക്കുറിച്ച് പരാതികൾ ഉയർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | പോലീസിന്റെ ഭാഗത്തുനിന്നുള്ള അതിക്രമങ്ങൾ അവസാനിപ്പിക്കുവാൻ നടപടി കൈക്കൊള്ളുമോ ? | (സി) | പോലീസിന്റെ ഭാഗത്തുനിന്ന് അതിക്രമങ്ങൾ ഉണ്ടായിട്ടില്ല. എന്നാൽ ഉത്തരം (എ) യിൽ വിവരിക്കുന്ന ചില നിർഭാഗ്യകരമായ സംഭവങ്ങൾ ഉണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ